# പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 575 — 04.02.2020 ൽ മറുപടിക്ക്

### പുതിയ ക്വാറികൾക്ക് അനുമതി

**ചോദ്യം**

ശ്രീ.പി.ടി. തോമസ്

**മറുപടി**

ഇ.പി.ജയരാജൻ
(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി)

(എ) സംസ്ഥാനത്ത് ഈ സർക്കാർ അധികാരമേറ്റ ശേഷം പുതിയ ക്വാറികൾക്ക് അനുമതി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഓരോ ജില്ലയിലും അനുമതി നൽകിയ ക്വാറികളുടെ എണ്ണം സംബന്ധിച്ച വിശദാംശം നൽകുമോ;

(എ) സംസ്ഥാനത്ത് ഈ സർക്കാർ അധികാരമേറ്റ ശേഷം പുതിയ ക്വാറികൾക്ക് അനുമതി നൽകിയിട്ടുണ്ട്. ഒരു വർഷ കാലാവധിയുള്ള ക്വാറിയിങ് പെർമിറ്റുകളുടെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| ജില്ല | ക്വാറിയിങ് പെർമിറ്റിൽ പ്രവർത്തിക്കുന്ന ക്വാറികളുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 12 |
| കൊല്ലം | 6 |
| പത്തനംതിട്ട | 16 |
| ആലപ്പുഴ | 0 |
| കോട്ടയം | 7 |
| ഇടുക്കി | 2 |
| എറണാകുളം | 27 |
| തൃശ്ശൂർ | 0 |
| പാലക്കാട് | 31 |
| മലപ്പുറം | 25 |
| കോഴിക്കോട് | 12 |
| വയനാട് | 1 |
| കണ്ണൂർ | 21 |
| കാസർഗോഡ് | 1 |

| | 2016 മെയ് മാസത്തിനു ശേഷം അനുവദിച്ച ദീർഘകാല ക്വാറിയിങ് ലീസുകളുടെ എണ്ണം ജില്ല തിരിച്ച് താഴെ കൊടുക്കുന്നു. |
|---|---|

| ജില്ല | ക്വാറികളുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 25 |
| കൊല്ലം | 18 |
| പത്തനംതിട്ട | 16 |
| ആലപ്പുഴ | 0 |
| കോട്ടയം | 11 |
| ഇടുക്കി | 6 |
| എറണാകുളം | 28 |
| തൃശ്ശൂർ | 15 |
| പാലക്കാട് | 36 |
| മലപ്പുറം | 79 |
| കോഴിക്കോട് | 40 |
| വയനാട് | 3 |
| കണ്ണൂർ | 44 |
| കാസർഗോഡ് | 12 |

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (ബി) | പരിസ്ഥിതി ദുർബലപ്രദേശമായി പ്രഖ്യാപിക്കുന്നതിന് മുമ്പ് അനുമതി നൽകിയ ക്വാറികൾക്ക് അനുമതി പുതുക്കി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ; | (ബി) | അനുമതി പുതുക്കി നൽകിയിട്ടില്ല |
| (സി) | ഖനനത്തിന് അനുമതി ലഭിക്കുന്നതിന് പാരിസ്ഥിതികാനുമതി നിർബന്ധമാക്കിയിട്ടുണ്ടോ; ഇതിന് വിരുദ്ധമായി അനുമതി നൽകുന്നുവെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (സി) | ഖനനത്തിന് അനുമതി നൽകുന്നതിന് പാരിസ്ഥിതികാനുമതി നിർബന്ധമാക്കിയിട്ടുണ്ട്. ഇതിനു വിരുദ്ധമായി അനുമതി നൽകുന്നില്ല. 18.05.2012 നു മുമ്പ് ക്വാറീയിംഗ് ലീസ് അനുവദിച്ചിരുന്നതും എന്നാൽ നിലവിൽ കാലാവധിയുള്ളതുമായ ക്വാറികൾക്ക് ലീസ് പുതുക്കുന്ന അവസരത്തിൽ മാത്രമേ പാരിസ്ഥിതികാനുമതി സമ്പാദിക്കേണ്ടതുള്ളൂ. |
| (ഡി) | ക്വാറികൾക്ക് അനുമതി നൽകുന്നതിന് നേരത്തെ ഉണ്ടായിരുന്ന നിബന്ധനകളിൽ ഈ സർക്കാർ അധികാരമേറ്റ ശേഷം | (ഡി) | 1967 ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ പ്രകാരം ക്വാറികളിൽ നിന്നും |

എന്തൊക്കെ ഇളവുകളാണ് അനുവദിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ?

റിസർവോയറുകൾ, ടാങ്കുകൾ, കനാലുകൾ, നദികൾ, പാലങ്ങൾ, ആൾതാമസമുള്ള വീടുകൾ, മറ്റ് പൊതു നിർമ്മാണങ്ങൾ, ആരാധനാലയങ്ങളുടെ അതിരുഭിത്തികൾ, ശ്മശാനം, ശവപ്പറമ്പ്, വില്ലേജ് റോഡ് എന്നിവയിലേയ്ക്കുള്ള ദൂരപരിധി 50 മീറ്റർ ആയിരുന്നു. എന്നാൽ 7.2.2015 തീയതി 2015 ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ നിലവിൽ വന്നപ്പോൾ മേൽപറഞ്ഞ ദൂരപരിധി 100 മീറ്ററായി വ്യവസ്ഥ ചെയ്തിരുന്നു. തുടർന്ന്, 22.06.2017 ലെ 25/2017/വ്യവ നമ്പർ ഭേദഗതി പ്രകാരം ക്വാറികളിൽ നിന്നും റിസർവോയറുകൾ, ടാങ്കുകൾ, കനാലുകൾ, നദികൾ, പാലങ്ങൾ, വാസഗൃഹങ്ങൾ, മറ്റ് പൊതു നിർമ്മാണങ്ങൾ, ആരാധനാസ്ഥലങ്ങളുടെ അതിരുഭിത്തികൾ, നദീതീരത്തുള്ള ശവസംസ്കാര സ്ഥലങ്ങൾ, ശ്മശാനം, വില്ലേജ് റോഡ് എന്നിവയിലേയ്ക്കുള്ള ദൂരപരിധി 50 മീറ്ററായി പുന:സ്ഥാപിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ